ചർച്ചയിൽ പറഞ്ഞതാണ്, ഒന്നര കോടി രൂപ എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസസ് വേണ്ടിവരും. ഇത്രയും എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസസ്സുമായി എത്ര ക്ഷേമനിധിക്ക് പ്രവർത്തിക്കാൻ കഴിയും? ഇവരെയെല്ലാം കവർ ചെയ്യുന്ന ഒരു ക്ഷേമനിധി ഇവിടെയുണ്ട്. ലേബർ വെൽഫയർ ഹണ്ട് ബോർഡ് എന്നു പറയുന്ന പൊതു ക്ഷേമനിധിയിൽ ഇവർക്കെല്ലാം അംഗങ്ങളാകാം. ഏതു തൊഴിലിൽ ഏർപ്പെടുന്നവർക്കും അംഗങ്ങളാകാം. അവരെ അംഗങ്ങളാക്കണം. അങ്ങ് ഉൾപ്പെടെയുള്ളവർ താൽപ്പര്യമെടുത്ത് ഈ മേഖലയിലുള്ളവരെ, എല്ലാ തൊഴിലാളികളെയും ക്ഷേമനിധി പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നാൽ അവർക്ക് ഈ ആനുകൂല്യങ്ങളൊക്കെ നമുക്ക് നൽകാൻ കഴിയും. പടക്ക നിർമ്മാണത്തൊഴിലാളികൾക്ക് മാത്രമായി ഒരു പ്രത്യേക ക്ഷേമനിധി പ്രായോഗികമല്ല. അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനും കഴിയില്ല. ഈ തൊഴിലാളികളെ നിലവിലുള്ള ഏതെങ്കിലും ഒരു ക്ഷേമപദ്ധതിയിൽ കൊണ്ടുവന്ന് അവർക്ക് ആനുകൂല്യം നൽകുന്നതായിരിക്കും ഉചിതം. അതുകൊണ്ട് ഈ ബിൽ പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, നിലവിലുള്ള നിയമത്തിൽ ഇതിനുകൂടി വ്യവസ്ഥകൾ ചേർത്ത് പ്രാബല്യത്തിലാക്കാൻ ശ്രമിക്കാമെന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

(5) 2005-ലെ കേരള സഹകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും സഹകാര്യ ചിട്ടി കുറി കമ്പനികളിലെ ജീവനക്കാർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുമുള്ള ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: 2005-ലെ കേരള സഹകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും സഹകാര്യ ചിട്ടി കുറി കമ്പനികളിലെ ജീവനക്കാർക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനുമുള്ള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*: സർ, ബില്ലിനെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: എനിക്കൊരു കാര്യം പറയാനുള്ളത്, ഇനിയും അങ്ങയുടെ പ്രമേയങ്ങളാണുള്ളത്. അതിനുശേഷം ഒന്നു രണ്ടു പേരുടെ പ്രമേയങ്ങൾ കൂടിയുണ്ട്. അവർക്കും കൂടി സംസാരിക്കാൻ സമയം കൊടുക്കണം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, വളരെ സങ്കടകരമായ സ്ഥിതിവിശേഷമാണ് പറയാനുള്ളത്. ഈ പ്രമേയം അവതരിപ്പിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന തച്ചടി പ്രഭാകരനെ ഞാൻ ഓർക്കുകയാണ്. കേരളത്തിലെ ബ്ലേഡ് കമ്പനികളുടെ മേൽ ആദ്യമായി കൈവച്ച ഒരു ഭരണാധികാരിയായിരുന്നു അദ്ദേഹം. മറ്റെന്തെല്ലാം അഭിപ്രായവ്യത്യാസങ്ങളും കാര്യങ്ങളുമുണ്ടെങ്കിലും ഈ കാര്യത്തിൽ ഞാൻ അദ്ദേഹത്തെ ഓർമ്മിക്കാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തെ ബ്ലേഡ് കമ്പനികൾ സമാന്തര സസദ് വ്യവസ്ഥയാണ് സൃഷ്ടിച്ചിരിക്കുന്നത്. അതുപോലെ സമാന്തര ക്രമസമാധാന വ്യവസ്ഥയും അവർ നമ്മിൽ അടിച്ചേൽപ്പിച്ചു കഴിഞ്ഞു. എല്ലാവിധ അധോലോക സംവിധാനവും സ്വന്തമായുള്ളവരാണ് ഈ ബ്ലേഡ് കമ്പനിക്കാരിൽ പലരും. വാഹനങ്ങളുടെ ഡീറ്റെയിൽസ് വാങ്ങിയിട്ട് വാഹനങ്ങൾ പിടിച്ചെടുക്കുന്ന കേസ്സുകളും ഉണ്ട്. അത്തരത്തിലുള്ള അധോലോക പ്രവർത്തനങ്ങളുടെ നൂറു കണക്കിന് കഥകളെങ്കിലും നമ്മൾ കേട്ടുകഴിഞ്ഞു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ സംബന്ധിച്ച് പറയുമ്പോൾ ബ്ലേഡ് കമ്പനികൾ യഥാർത്ഥത്തിൽ ഇന്ന് കേരളത്തിൽ പോലീസ് സംവിധാനത്തിന്റെ കൂടി പിൻബലത്തോടെയാണ് മിക്കവാറും എല്ലാ സ്ഥലങ്ങളിലും നടന്നുകൊണ്ടിരിക്കുന്നത് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതു തടയുന്നതിനാവശ്യമായ വ്യവസ്ഥ കൂടി ഈ ബില്ലിന്റെ ഭാഗമായി പരിഗണിക്കുമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, അവർക്ക് പോലീസ് സംവിധാനമൊന്നും ആവശ്യമില്ല. അവരുടെ സംവിധാനം പോലീസിനേക്കാൾ വലുതാണ്. അവർക്ക് മുതൽ വേണ്ട, പലിശ മതി. അവർ എന്തു തുക വേണമെങ്കിലും നമുക്ക് തരും. ഒരു ലക്ഷം ചോദിച്ചാൽ ഒരു ലക്ഷം രൂപ തരുകയാണ്. പലിശ 15,000 രൂപയാണ്. അത് നാലഞ്ചു മാസത്തേക്ക് ചോദിക്കുകയില്ല. പിന്നെ തന്നാൽ മതിയെന്നാണ് പറയുന്നത്. നാലു മാസം കഴിയുമ്പോൾ ബുദ്ധിമുട്ട് വല്ലതുമുണ്ടെങ്കിൽ 40,000 രൂപാ കൂടി തരാമെന്നു പറഞ്ഞ് വീണ്ടും വരും. അപ്പോൾ നമ്മളിൽ നിന്ന് എഴുതി വാങ്ങിക്കുന്ന ചെക്ക് രണ്ടു ലക്ഷത്തിന്റെയാണ്. രണ്ടു ലക്ഷത്തിന്റെ ചെക്ക് നൽകി നട്ടം തിരിഞ്ഞു നിൽക്കുന്ന നമുക്ക്, പിന്നീട് തന്ന 40,000 രൂപയും കൂടി ചെലവായിക്കഴിയുമ്പോൾ അടുത്ത മാസം പലിശയ്ക്കായി വരുകയാണ്. അപ്പോൾ രണ്ടു ലക്ഷം രൂപയ്ക്ക് കൃത്യമായി പലിശ കൊടുക്കണം. പലിശ എത്രയാണെന്നറിയാമോ? 30,000 രൂപയാണ് പലിശയായി ആവശ്യപ്പെടുന്നത്. പലിശ കൊടുക്കാൻ കയറിയിറങ്ങി മൂന്നു-നാലു തവണ കഴിഞ്ഞിട്ടും കിട്ടിയില്ലെങ്കിൽ എന്താണ് സ്ഥിതി? വീട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്ന് അസഭ്യം പറയുകയാണ് ചെയ്യുന്നത്. ഭാര്യയോട് അപമര്യാദയായി സംസാരിക്കുകയാണ് ചെയ്യുന്നത്. അല്ലെങ്കിൽ വീട്ടിൽ നിന്ന് പിടിച്ചുകൊണ്ടുപോയി മുടി മുറിക്കുകയാണ് ചെയ്യുന്നത്. അങ്ങനെയൊരു സംഭവം അടുത്ത കാലത്ത് സംഭവിച്ചില്ലേ? ഒരു വീട്ടിലുള്ള ഒരാളെ പൈസ കൊടുക്കാത്തതിന്റെ പേരിൽ കൊണ്ടുപോയി മുടി മുറിച്ച സംഭവം ഉണ്ടായില്ലേ? ഇത്തരമൊരവസ്ഥയിൽ ഒരു മാർഗവുമില്ലാതെ നട്ടം തിരിയുന്ന ഗൃഹനാഥൻ പുറത്തിറങ്ങിയാൽ ബ്ലേഡ് കമ്പനിക്കാരുടെ ഗുണ്ടകൾ തട്ടിക്കൊണ്ടുപോകും. എങ്ങനെയാണ് ബ്ലേഡിന്റെ ഗുണ്ടകൾ വരുന്നത്? അവർ കാറ്റായും മഴയായും തീയായും വരുന്ന ഗുണ്ടകളാണ്. എപ്പോൾ എങ്ങനെ വന്ന് നമ്മളെ റാഞ്ചിക്കൊണ്ടുപോകുമെന്ന് പറയാൻ പറ്റില്ല. ബ്ലേഡ് കമ്പനിക്കാർക്ക് എറണാകുളത്ത് സ്വന്തമായി ബന്ധവസ്സും ജയിലും ഉണ്ട്. അവർ സ്വന്തമായി ഈ കാര്യത്തിൽ അവരുടേതായ സ്ഥാപനവൽക്കരണം കേരളത്തിൽ നടത്തിക്കഴിഞ്ഞിരിക്കുകയാണ്. അത്രയും അവർ പിടിമുറുക്കിക്കഴിഞ്ഞു. കടക്കാരന്റെ മനോനില തെറ്റിക്കുന്ന തരത്തിൽ പെരുമാറി നമ്മെ ഭ്രാന്തനാക്കുന്ന തരത്തിൽ ഏതെല്ലാം തരത്തിലുള്ള പീഡനങ്ങൾ ചെയ്യാമോ അതെല്ലാം ചെയ്യും. അതുകഴിഞ്ഞിട്ട് തറവേല തുടങ്ങും. കണ്ണിൽക്കൂടി പൊന്നീച്ച പറക്കുന്ന തരത്തിലുള്ള പ്രയോഗങ്ങളാണ് ചെയ്യുന്നത്. സഹിക്കാൻ കഴിയില്ല. ഇടിക്കുകയും തൊഴിക്കുകയും ചെയ്തുകഴിഞ്ഞ് ചെവിയിൽ ചെമ്പുകമ്പി കൊണ്ട് കറക്കും. ഇത്തരം പരിപാടികൾ ബ്ലേഡ് കമ്പനിക്കാർ പലപ്പോഴായിട്ട് ചെയ്യുന്നുണ്ട്. അതു കഴിഞ്ഞ് കുത്തും ചവിട്ടും എല്ലാമുണ്ട്. അതെല്ലാം കഴിഞ്ഞ് നോക്കുമ്പോൾ എഴുതിക്കൊടുത്ത ചെക്ക് എടുത്ത് നേരെ കാണിക്കും. ആ ചെക്ക് നമുക്ക് ഡിഫൻഡ് ചെയ്യാൻ കഴിയില്ല. നമ്മുടെ കയ്യിൽ കാശില്ല, കോടതിയിൽ പോകാനും കഴിയില്ല. കുറേയേറെ പീഡനങ്ങൾ കഴിയുമ്പോഴാണ്, നാമറിയാതെ 'കിടക്കാടം വിറ്റെങ്കിലും പൈസ തരാം,' വെറുതെ വിട്ടാൽ മതിയെന്ന് സമ്മതിക്കുന്നത്. അങ്ങനെ പറയുമ്പോൾ, തിരികെ കൊണ്ടുവന്ന് നമ്മുടെ വീടിന്റെ അടുത്തുകൊണ്ടിറക്കി വിടും. വീട്ടിൽ ചെന്നുകഴിയുമ്പോൾ ഭാര്യയോടും മക്കളോടും വിവരം പറയും, അവിടെ വീണ്ടും കൂട്ടക്കരച്ചിലാണ്. ഉറങ്ങാൻ കിടന്നാൽ ഉറക്കം വരുകയില്ല, ശരീരത്തിലും മനസ്സിലും വേദന. പിറ്റേന്ന് രാവിലെ വീട്ടിലെ അസ്വസ്ഥത കണ്ട് ഗൃഹനാഥൻ പുറത്തു പോകും. പുറത്തു പോകുന്ന ഗൃഹനാഥൻ അടുത്ത ബന്ധുക്കളേയും സുഹൃത്തുക്കളേയും കണ്ട് സന്തോഷവാനായി നല്ല ഭക്ഷണവും വാങ്ങി വൈകുന്നേരം വീട്ടിൽ വന്ന് എല്ലാവരുമൊരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നു. പിറ്റേന്ന് നേരം വെളുക്കുമ്പോൾ വീട് നിശ്ശബ്ദം. അതാരും ശ്രദ്ധിക്കുകയില്ല. 'രണ്ടു ദിവസമായി വീട് തുറക്കുന്നില്ല' എന്ന് അയൽക്കാർ പറയുമ്പോൾ, പോലീസ് എത്തി വീട് കുത്തിത്തുറന്ന് നോക്കുമ്പോൾ കൂട്ട ആത്മഹത്യയാണ് കാണുന്നത്. ഒരു കുടുംബം കൂട്ട ആത്മഹത്യ ചെയ്തു എന്നു പറഞ്ഞ് മാധ്യമങ്ങൾ പ്രചാരണം നടത്തുന്നു. ചിലയിടത്ത് കുടുംബാംഗങ്ങളെ മുഴുവൻ കൊന്നിട്ട് ഗൃഹനാഥൻ ആത്മഹത്യ ചെയ്യും. എത്രയോ കഥകൾ നമ്മൾ കേട്ടുകഴിഞ്ഞു. ഇങ്ങനെ നിരവധി കുടുംബങ്ങൾ ഓരോ ദിവസവും ആത്മഹത്യയെ അഭയം തേടുന്നു. ലാഭം കൊയ്യാൻ കഴിയുന്ന ഏതു സംരംഭത്തിലും ബ്ലേഡ് കമ്പനിക്കാർ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യം കാണും. ബ്ലേഡ് കമ്പനിക്കാരെ അമർച്ച ചെയ്യണം. അതിനുള്ള കയ്യൂക്ക് കാണിക്കാൻ നിയമനിർമ്മാണം കൊണ്ടേ നമുക്ക് കഴിയൂ. അതുകൊണ്ടാണ് ഇതിനെ നിയന്ത്രിക്കണമെന്ന് ഈ ബില്ലിൽ ആദ്യമായി പറയുന്നത്. അതുപോലെ തന്നെ, ധാരാളം സ്വകാര്യ ചിട്ടി കമ്പനികളുമുണ്ട്. 1974-ലെ ഒരു സംഭവം എനിക്ക് ഓർമ്മ വരുകയാണ്. ഒരു ദിവസം രാവിലെ എന്റെ അമ്മ കരയുകയാണ്. അദ്ധ്യാപികയാണ് അമ്മ. 'കേരളാ ചിറ്റ്സ് ഫണ്ട്' എന്നു പറയുന്ന, കൊല്ലത്ത് പ്രസ്സ് ക്ലബ് ബിൽഡിംഗിൽ പ്രവർത്തിക്കുന്ന സ്ഥാപനം ഒരു ദിവസം രാവിലെ പൂട്ടി. ഒരു ലക്ഷം രൂപയുടെ ചിട്ടിയാണ്. സുദർശൻ ചിറ്റ് ഫണ്ട്, കൊല്ലം, കോടികൾ മുക്കി എന്ന വാർത്തയുടെ ഡീറ്റയിൽസാണ് എന്റെ കയ്യിലുള്ളത്. സുദർശൻ ചിറ്റ് ഫണ്ട് എന്നു പറയുന്നത് സിനിമാനടി കെ.ആർ.വിജയയുടെ ഭർത്താവിന്റെ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനമാണ്. ഇങ്ങനെയുള്ള സ്വകാര്യ ചിട്ടി കമ്പനികൾ ഇവിടെ ധാരാളം വരുന്നു. ഒരു ദിവസം ഇതെല്ലാം പൂട്ടുന്നു. ഈ രാജ്യത്ത് ആവറേജ് ഫാമിലികളായ സർക്കാർ ജീവനക്കാരുടേയും, അതുപോലുള്ള ആളുകളുടേയും, പണം മുഴുവൻ മുക്കിക്കൊണ്ടുപോകുന്നു. ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നമുക്കുള്ള നിയമം പര്യാപ്തമാണോ? അതിനുവേണ്ടി നിയമനിർമ്മാണം ഉണ്ടായേ പറ്റൂ. ഇവിടെ രൂപീകരിക്കാൻ പോകുന്ന നിയമങ്ങൾ പലതും, ഒരു ആസ്തിയുമില്ലാതെ കേരളത്തിൽ ചിട്ടി ബിസിനസ്സ് തുടങ്ങി ഇടപാടുകാരെ വഞ്ചിക്കാൻ അവസരമൊരുക്കുന്ന ഭേദഗതികളാണ് ഇവിടെ ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതിനെയാണ് ഞാൻ എതിർക്കുന്നത്. ഇപ്പോൾ ജമ്മു കാശ്മീർ രജിസ്ട്രേഷനാണ് പല ചിട്ടി കമ്പനികൾക്കുമുള്ളത്. കേരളത്തിലാണ് ഏറ്റവും കൂടുതൽ ആളുകൾ ചിട്ടിയിൽ ചേരുന്നത്. പുതിയ പുതിയ ചിട്ടി കമ്പനികൾ കേരളത്തിലേക്ക് വരുന്നു. മുമ്പ് മുത്തൂറ്റ് ഗ്രൂപ്പുകൾ മാത്രമായിരുന്നു ചിട്ടി തുടങ്ങിയിരുന്നതെങ്കിൽ ഇപ്പോൾ ഗോകുലം ഗ്രൂപ്പ് പോലുള്ള കമ്പനികൾ മൽസര രംഗത്ത് ഇറങ്ങിയിരിക്കുകയാണ്. ഓരോ കമ്പനികളും കേരളത്തിൽ ചിട്ടിക്ക് പറ്റിയ അന്തരീക്ഷമാണെന്നു കണ്ട് കേരളത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഈ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന ജീവനക്കാർക്കുപോലും ഈ വക കാര്യങ്ങൾക്ക് സംരക്ഷണമില്ല. അതുകൊണ്ടാണ് ഈ കമ്പനികളിൽ പ്രവർത്തിക്കുന്നവർക്ക് ക്ഷേമനിധി വേണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. ഇവിടെ നിന്നെല്ലാം നമുക്ക് ആവശ്യത്തിന് പണം തരുമെങ്കിലും; പണം തരാൻ വേണ്ടി ആളുകളെ കാൻവാസ് ചെയ്ത് അവിടെ എത്തിച്ച് ഇതിൽ ചേർക്കുന്ന ജീവനക്കാർക്ക് സുരക്ഷിതത്വമില്ല. അവർക്കു വേണ്ട സേവന വേതന വ്യവസ്ഥകൾ ഇല്ല. അതുകൊണ്ട് ആസ്തിയില്ലാത്തവൻ ചിട്ടി നടത്തണ്ട എന്നൊരു നിയമനിർമ്മാണം നമ്മുടെ രാജ്യത്ത് ഉണ്ടാകണം. നമ്മുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റിയുണ്ടാകണം. അതു സംബന്ധിച്ച കാര്യങ്ങളിൽ ശക്തമായ നിയമനിർമ്മാണം അനിവാര്യമാണ്. ഇടപാടുകാർക്ക് എപ്പോഴും ആ കാര്യത്തിൽ ഉറപ്പുണ്ടാകണം. നമ്മുടെ രാജ്യത്ത് സമാന്തര സമ്പദ്ഘടന തടിച്ചുകൊഴുത്ത് വളർന്നുകഴിഞ്ഞെങ്കിലും അതിന്മേലുള്ള നിയന്ത്രണം ഭരണകൂടത്തിന്റെ കൈകളിൽ അനിവാര്യമാണെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*: സർ, ബഹുമാനപ്പെട്ട ജി. പ്രതാപവർമ്മ തമ്പാൻ ചിട്ടി കമ്പനികൾ അല്ലെങ്കിൽ സഹകരണ ചിട്ടി പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്ന ചൂഷണത്തെക്കുറിച്ച് ഇവിടെ

12.00 Noon] പറഞ്ഞതെല്ലാം വളരെ ശരിയാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട തച്ചടി പ്രഭാകരന്റെ കാലത്ത് ഇത് ഫലപ്രദമായി നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നു. ഇപ്പോൾ വീണ്ടും ചിട്ടി കമ്പനികളുടെ പേരിൽ പല സ്ഥാപനങ്ങളും കേരളത്തിൽ ആരംഭിക്കുന്നുണ്ട്. ഈ ബില്ലിനെ എതിർക്കുന്നത് രണ്ട് കാര്യംകൊണ്ടാണ്. ഒന്ന്, അതിന്റെ നിയന്ത്രണവും ക്ഷേമനിധിയുംകൂടി ഒരു ബില്ലിൽ പറ്റില്ല. ആ നിയന്ത്രണങ്ങൾ വേണമെങ്കിൽ, അതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേകം ബിൽ വേണം. പിന്നൊരു ഭാഗം, ഇവിടെ ചൂണ്ടിക്കാണിച്ചത് കടമെടുക്കാൻ അവസരമുണ്ടെങ്കിൽ എല്ലാം കടമെടുക്കുമെന്നുള്ള കേരളത്തിലെ ജനങ്ങളുടെ ഒരു പൊതു സമീപനത്തിലും മാറ്റം വരണം. അവരുടെ വരുമാനത്തിനനുസരിച്ച്, കടമെടുത്താൽ അത് തിരിച്ചുകൊടുക്കാൻ കഴിവുള്ളവർക്കേ കടമെടുക്കാൻ പറ്റൂ. ഇത് അങ്ങനെയൊന്നുമല്ല, എവിടെ കടം കിട്ടുമോ അവിടെ നിന്നെല്ലാം കടമെടുക്കാൻ ആളുകൾ തുനിഞ്ഞാൽ ഇതുപോലുള്ള കൂട്ട ആത്മഹത്യകളിലേ അവസാനിക്കാൻ പറ്റൂ. അതിന് പൂർണ്ണമായി അതിന്റെ blame ചിട്ടിക്കമ്പനികളിൽ മാത്രമായി നമുക്ക് നിജപ്പെടുത്താൻ കഴിയില്ല. അങ്ങനെ കിട്ടുന്ന സ്ഥലത്തുനിന്നെല്ലാം കടമെടുക്കാൻ തുടങ്ങുന്ന ആളുകളും അതിന് equally responsible ആണ്. അതുപോലെതന്നെ ഇപ്പോൾ അവർ കൊടുക്കുന്ന പരസ്യം 1000 രൂപയുമായിട്ടുവരൂ മാരുതി കാറുമായി പോകൂ എന്നാണ്. 1000 രൂപ കൊടുത്താൽ മാരുതി കാറുമായിട്ട് പോകാം. ഇപ്പോൾ സ്വർണ്ണക്കടകളും ഇതുപോലെ വളരെയധികം പരസ്യം ചെയ്യുന്നുണ്ട്. 100 രൂപ കൊടുത്താൽ ഒരു പവനുമായി പോകാം. പക്ഷേ ജീവിതകാലം മുഴുവൻ പണം അടച്ചുതീർത്താലും ഇത് തീരില്ല. അങ്ങനെയുള്ള ഒരു സംവിധാനം, തീർച്ചയായും ഇതൊരുസാമൂഹ്യ വിപത്തായിട്ടുതന്നെ വളർന്നുവന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇത് നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. ഇതുസംബന്ധിച്ച് ശക്തമായ നടപടികൾ ആവശ്യമാണെന്നുള്ള കാര്യത്തിൽ തത്വത്തിൽ ഞങ്ങൾ യോജിക്കുന്നു. പക്ഷേ അങ്ങ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബിൽ സഹകരണ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും, ഒരു ഭാഗത്ത് അത് നിയന്ത്രിക്കണം, അതോടൊപ്പം ആ കമ്പനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധിവേണം എന്നുപറയുമ്പോൾ അതിൽ contradiction ഉണ്ട്. ഒന്ന് ഇതിനെ പ്രോത്സാഹിപ്പിക്കാനാണ്. ക്ഷേമനിധി ഏർപ്പെടുത്തിയാൽ ജീവനക്കാർ അവിടെ സ്ഥിരപ്പെടും. അതിലൂടെ അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടണമെങ്കിൽ ആ സ്ഥാപനം നിലനിൽക്കേണ്ടതായിട്ടുവരും. അപ്പോൾ ആ സ്ഥാപനങ്ങൾ നിലനിൽക്കേണ്ടതായിട്ട് വരികയാണെങ്കിൽ നിയന്ത്രിക്കാനും പറ്റില്ല, അല്ലെങ്കിൽ നിരോധിക്കാനും പറ്റില്ല. അതുകൊണ്ട് ഈ ബിൽ അങ്ങനെ നമുക്ക് അംഗീകരിക്കുന്നതിൽ ബുദ്ധിമുട്ടുണ്ട്. പിന്നെ തൊഴിലാളികളുടെ ക്ഷേമനിധിയുടെ കാര്യത്തിലാണെങ്കിൽ ഇതുപോലുള്ള എല്ലാ

സ്ഥാപനങ്ങളേയും കവർ ചെയ്യുന്ന ഒരു ക്ഷേമനിധി ബിൽ ഈ സഭയുടെ മുമ്പിൽ ഇപ്പോഴുണ്ട്. Shops and other Establishment Workers Welfare Fund എന്നുള്ള നിലയിൽ other shops, other establishments അതിൽ ചിട്ടി കമ്പനികളും ഇതുപോലുള്ള സ്ഥാപനങ്ങളുമൊക്കെ നമുക്ക് കവർ ചെയ്യാൻ കഴിയും. അതുകൊണ്ട് പ്രത്യേകമായി ഒരു ബില്ലിന്റെ ആവശ്യമില്ല. അതുകൊണ്ട് അങ്ങ് ഇത് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഇല്ല, ഞാൻ പിൻവലിക്കുന്നില്ല, ഞാൻ പ്രസ് ചെയ്യുന്നു. ചർച്ച തുടരാം.

Shri. T. M. Jacob: Sir, I demand a poll.

Mr. Chairman: Yes, bell.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ചർച്ച തുടരാമെന്ന് ഞാൻ പറഞ്ഞല്ലോ.....(ബഹളം).....

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ പറഞ്ഞതെന്താണ്? പ്രസ് ചെയ്യുന്നു എന്നുപറഞ്ഞു. ഞാൻ പോൾ ആവശ്യപ്പെട്ടതാണ്. Yes എന്ന് മി. ചെയർമാൻ സമ്മതിച്ചിട്ട് ബെല്ലടിക്കാത്തതെന്താണ്? ബെല്ലടിക്കണം. പ്രസ് ചെയ്യുന്നു എന്നുതന്നെയാണ് ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ പറഞ്ഞത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഞാൻ ഇതിനെ സംബന്ധിച്ചുള്ള ചർച്ച തുടരാമെന്നാണ് പറഞ്ഞത്.

മി. ചെയർമാൻ: Yes poll, bell ..... ശ്രീ. ജി. പ്രതാപവർമ്മ തമ്പാന്റെ പ്രമേയം പിൻവലിക്കണമെന്നുള്ളവർ yes, അല്ലാത്തവർ no ..... (ബഹളം) ..... yes, സഭയുടെ അനുവാദം .....(ബഹളം).....

Yes, start polling.

ശ്രീ. ടി. എം. ജേക്കബ്: അദ്ദേഹം ഈ പ്രമേയം വേണമെന്നാണ് പറഞ്ഞത്.

മി. ചെയർമാൻ: start polling, പ്രമേയം പിൻവലിക്കണമോ വേണ്ടയോ? പിൻവലിക്കണമെന്നുള്ളവർ 'Ayes', അല്ലാത്തവർ 'No' .....(ബഹളം)..... സഭയുടെ അനുവാദം തന്നെയാണല്ലോ പോൾ ചോദിക്കുന്നത്?.....(ബഹളം)..... അതിനെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ. ..... start polling. പ്രമേയം പിൻവലിക്കണമെന്നുള്ള ആവശ്യം അനുകൂലിക്കുന്നവർ 'Ayes', പ്രതികൂലിക്കുന്നവർ 'No'.....(ബഹളം).....അദ്ദേഹം അവതരിപ്പിച്ച പ്രമേയം.....ഞാൻ അതുതന്നെയാണല്ലോ പറഞ്ഞത്, എന്തിനാണ് confusion ഉണ്ടാക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: അല്ലല്ല, അദ്ദേഹം വേണമെന്നാണ് പറഞ്ഞത്. പ്രമേയാവതാരകന്റെ കാര്യമാണ് അങ്ങ് വോട്ടിനിട്ടിരിക്കുന്നത്. പ്രമേയം അവതരിപ്പിച്ചിരിക്കുന്നത് ശ്രീ. ജി. പ്രതാപവർമ്മ തമ്പാനാണ്. അദ്ദേഹത്തിന്റെ പ്രമേയത്തെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും. അവിടെയാണ് confusion വന്നത്. ഞങ്ങളൊക്കെ അതിനെ അനുകൂലിക്കുന്നവരാണ്. പിന്നെ എങ്ങനെയാണ്?.....(ബഹളം).....

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* സർ, സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുന്നു എന്നുപറഞ്ഞപ്പോൾ അതിനെയാണ് വോട്ടിനിട്ടത്. സഭയുടെ അനുമതിയോടുകൂടി പിൻവലിക്കാമോ ഇല്ലയോ. അവിടെയാണ് പോൾ ആവശ്യപ്പെട്ടത്.....(ബഹളം).....

മി. ചെയർമാൻ: ..... please be seated ..... അദ്ദേഹം പ്രസ് ചെയ്യുന്നു, ഇതിൽ എന്തിനാണ് തർക്കം? ഇതിൽ തർക്കത്തിന്റെ ആവശ്യമില്ല .....(ബഹളം).....

ശ്രീ. ടി. എം. ജേക്കബ്: ഈ ബിൽ പിൻവലിക്കണമെന്ന് തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരൻ റിക്വസ്റ്റ് ചെയ്തു. പിൻവലിക്കുന്നുണ്ടോയെന്ന് അങ്ങ് ചോദിച്ചു, ഉടനെ മൂവ് ചെയ്ത മെമ്പർ ഞാൻ പിൻവലിക്കുന്നില്ല, പ്രസ് ചെയ്യുന്നുവെന്ന് പറഞ്ഞു. അപ്പോൾ ഞാൻ ഡിവിഷൻ ചോദിച്ചതാണ്. അദ്ദേഹം പ്രസ് ചെയ്യുന്നുവെങ്കിൽ അതിനെ അനുകൂലിക്കുന്നവർ, പ്രതികൂലിക്കുന്നവർ, അതാണ് വേണ്ടത്.....(ബഹളം).....

മി. ചെയർമാൻ: അതുകഴിഞ്ഞു, അദ്ദേഹം പറഞ്ഞു.....

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഞാൻ ആദ്യമായിട്ടല്ലല്ലോ .....(ബഹളം).....

മി. ചെയർമാൻ: ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ അതിനുശേഷം ഇതിന്റെ ചർച്ച തുടരണമെന്നുള്ള ഒരു ആവശ്യമുന്നയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പിൻവലിക്കുന്നു. അതിനെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ .....(ബഹളം)..... അപ്പോഴാണ് പോൾ ചോദിച്ചത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, പിൻവലിക്കണമെന്ന് പ്രതിപക്ഷത്തിന് ആവശ്യമുണ്ടെങ്കിൽ അവർ പോൾ ആവശ്യപ്പെട്ടോട്ടെ. പക്ഷേ ചർച്ച ചെയ്യണമെന്നേ ഞാൻ ആവശ്യപ്പെട്ടിട്ടുള്ളൂ.

മി. ചെയർമാൻ: അത് അദ്ദേഹംതന്നെ ക്ലാരിഫൈ ചെയ്തല്ലോ. ഇതു രണ്ടായാലും ശരിയാണ്.....(ബഹളം).....

ശ്രീ. ടി. എം. ജേക്കബ്: റൂൾ 78, നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ റൂൾ 78 ബില്ലുകളെ സംബന്ധിച്ച് പ്രമേയങ്ങൾ കൊണ്ടുവരേണ്ടത് ആരെന്ന്, ബിൽ പരിഗണനയ്ക്കെടുക്കണമെന്നോ

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കണമെന്നോ ഉള്ള യാതൊരു പ്രമേയവും ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗമല്ലാതെ മറ്റേതെങ്കിലും അംഗം കൊണ്ടുവരാൻ പാടില്ലാത്തതാണ്. അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന ഈ പ്രമേയം, ശ്രീ. ജി. പ്രതാപവർമ്മ തമ്പാന്റെ private members bill ഈ സഭയുടെ പരിഗണനയ്ക്കുവന്നു. അദ്ദേഹം അത് വിശദീകരിച്ചു. ബഹുമാനപ്പെട്ട മന്ത്രി ഗവൺമെന്റിന്റെ ഭാഗം വിശദീകരിച്ചു. അതിനുശേഷം പ്രമേയം പിൻവലിക്കുന്നുണ്ടോയെന്ന് ചെയർ ചോദിച്ചു. ഇല്ല, ഞാൻ പ്രസ് ചെയ്യുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അപ്പോഴാണ് ഞാൻ ഡിവിഷൻ ആവശ്യപ്പെട്ടത്. അപ്പോൾ നമ്മുടെ സഭയുടെ ഡിവിഷൻ എവിടെയാണ് വേണ്ടത്? ശ്രീ. ജി. പ്രതാപവർമ്മ തമ്പാന്റെ പ്രമേയത്തെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും ..... (ബഹുമാനപ്പെട്ട സ്പീക്കർ ചെയറിലേക്കുവന്നു.)

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സർ, അങ്ങ് ഇവിടെയില്ലായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ അങ്ങയുടെ അറിവിലേക്ക് പറയുകയാണ്. നമ്മുടെ നിയമസഭാ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് private members bills വരുന്നത്. ഇവിടെ ഒരു പ്രമേയം അവതരിപ്പിച്ചത് ബില്ലിന്റെ അവതാരകനാണ്. ഈ ബിൽ അവതരിപ്പിച്ചത് ആരാണ്? ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം അവതാരകൻ എന്നുപറയുന്നത് ശ്രീ. ജി. പ്രതാപവർമ്മ തമ്പാനാണ്. അദ്ദേഹം അവതരിപ്പിച്ച ആ പ്രമേയത്തിൻമേൽ ഇവിടെ ചർച്ച നടന്നു. ആ ചർച്ചയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. അദ്ദേഹത്തിന്റെ Government version പറഞ്ഞു. എന്നിട്ട് ഈ ബില്ലിന്റെ ആവശ്യമില്ല, അതുകൊണ്ട് അങ്ങ് പിൻവലിക്കണമെന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ മൂവ് ചെയ്ത മെമ്പർ ഞാൻ പിൻവലിക്കുന്നില്ലെന്നു പറഞ്ഞു. ..... (ബഹളം).....അല്ലല്ല.....ഞാനിത് പ്രസ് ചെയ്യുന്നുവെന്ന് അദ്ദേഹം പറഞ്ഞു. പ്രസ് ചെയ്യുന്നുവെന്ന് പറഞ്ഞപ്പോൾ ഞാൻ അതിന് പോൾ ആവശ്യപ്പെട്ടു, ഡിവിഷൻ ആവശ്യപ്പെട്ടു. അപ്പോൾ സഭയുടെ മുമ്പിലുള്ള വിഷയമെന്താണ്? സഭയുടെ മുമ്പാകെയുള്ള വിഷയം ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ ആവശ്യപ്പെട്ട ആ പ്രമേയമാണ്. അതിന് ഡിവിഷൻ ചോദിക്കുമ്പോൾ ശ്രീ. ജി. പ്രതാപവർമ്മ തമ്പാന്റെ പ്രമേയത്തെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും, അതിനാണ് ഡിവിഷൻ വേണ്ടത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഞാൻ പോൾ ചോദിച്ചിട്ടില്ല. സാധാരണഗതിയിൽ ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള നിരവധി അനൗദ്യോഗിക പ്രമേയങ്ങളിൽ ചർച്ച തുടരുമെന്നു പറഞ്ഞിട്ടുണ്ട്, നിങ്ങൾക്ക് ചർച്ച തുടരാമെന്ന് പറഞ്ഞ് ചെയർ അനുവദിച്ചിട്ടുമുണ്ട്. ഇന്നും ഞാൻ ചർച്ച തുടരുന്നതിനെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. ചർച്ച തുടരാൻ അനുവാദം തരാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ഈ ബില്ല് പിൻവലിക്കണം എന്നു തന്നെ ഞാൻ ആവശ്യപ്പെടുകയാണ്..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സഭയ്ക്ക് ചില നടപടി ക്രമങ്ങളുണ്ട്. അതെല്ലാം ശ്രദ്ധിച്ചുകൊണ്ട് ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് സ്റ്റാഫ് ഇരിപ്പുണ്ട്. ഒരു സെക്കന്റ് തോട്ട്, അതു സാധ്യമല്ല. സഭയിൽ ഒരു പ്രോപ്പർട്ടി വന്നാൽ അതു സഭയുടേതാണ്. ഈ പ്രമേയം സഭയുടേതായിട്ട് ഇവിടെ ചർച്ച ചെയ്തതാണ്. ചർച്ചയ്ക്ക് മന്ത്രി മറുപടി പറഞ്ഞ് അവസാനിപ്പിച്ചതാണ്. അപ്പോഴാണ് ബിൽ മൂവു ചെയ്ത അംഗം പറഞ്ഞു, ഞാൻ അതു പ്രസ്സ് ചെയ്യുന്നു എന്ന്. അതിന്മേൽ ഒരു പോൾ ഇവിടെ ആവശ്യപ്പെട്ടു. ബെല്ലടിച്ച് പോൾ സ്റ്റാർട്ടു ചെയ്തതാണ്. അപ്പോഴാണ് ഈ ഇഷ്യൂ ഉണ്ടായത്. ഇനി അതിൽ നിന്നും ഞാൻ ഇതു പിൻവലിക്കുന്നു എന്നു പറഞ്ഞാൽ വീണ്ടും സഭയെ ഒരു വല്ലാത്ത രീതിയിൽ കൊണ്ടുവരുന്നത്..... (ബഹളം)..... അങ്ങയെപ്പോലെ പ്രഗത്ഭനായ ഒരാൾ ഇതിനു കൂട്ടു നിൽക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: പോൾ ആവശ്യപ്പെട്ടു കഴിഞ്ഞില്ലേ? അതിനുശേഷം.....

മി. സ്പീക്കർ: പോൾ ആരംഭിച്ചു കഴിഞ്ഞാൽ സംസാരിക്കാനും പാടില്ല.

ശ്രീ. പി. ജെ. ജോയി: ഒരു കാര്യം പറയാം, ഇവിടെ പ്രസ്സ് ചെയ്യുന്നു എന്നു പറഞ്ഞു. അപ്പോൾ തന്നെ ചർച്ച തുടരാവുന്നതാണെന്ന് അദ്ദേഹം എഴുന്നേറ്റു നിന്നു പറഞ്ഞു. എങ്കിലും പോൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് പോൾ അനുവദിച്ചു. അതാണ് ഉണ്ടായത്. .....(ബഹളം).....

ശ്രീ. കെ. പി. രാജേന്ദ്രൻ: പോൾ ഞങ്ങൾ ആവശ്യപ്പെട്ടില്ലേ? ബെല്ല് അടിച്ച് വോട്ടിടുക. .....(ബഹളം).....

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* സർ, ഇവിടെ നടന്നത്. .....(ബഹളം)..... ഇതു പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, ഞാൻ ചർച്ച തുടരാൻ ആഗ്രഹിക്കുന്നു. ഞാൻ പിൻവലിക്കുന്നില്ല. ചർച്ച തുടരണമെന്നാണ് പറഞ്ഞത്. അപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ ചോദിച്ചു അനുമതിയോടുകൂടി മാത്രമേ പിൻവലിക്കാൻ പറ്റൂ. അനുമതിയോടുകൂടി പിൻവലിക്കണമോ. അനുമതിയോടുകൂടി പിൻവലിക്കുന്നു എന്നു പറഞ്ഞപ്പോഴാണ് ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പോൾ ചോദിച്ചത്. അതാണ് ഉണ്ടായത്. ..... (ബഹളം).....

ശ്രീ. ടി. എം. ജേക്കബ്: ഇവിടെ ഇരിക്കുന്ന എല്ലാവരും ഈ പ്രൊസീഡിംഗ്സ് ശ്രദ്ധിച്ചതാണ്. അങ്ങേക്ക് വോയ്സ് പരിശോധിക്കാം. അങ്ങേക്ക് എഴുതിയെടുക്കുന്ന പ്രൊസീഡിംഗ്സ് പരിശോധിക്കാം. ഇതിനകത്ത് മന്ത്രി ശ്രീ. ബാബു ദിവാകരൻ പറഞ്ഞത് സത്യമല്ല. അങ്ങ് അതു പരിശോധിക്കണം. സഭയെ സംബന്ധിച്ചിടത്തോളം ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് സ്റ്റാഫ് ഇരിപ്പുണ്ട്. അങ്ങേക്കു ചോദിക്കാമല്ലോ. അവർ ഇതു കേട്ടുകൊണ്ടിരിക്കുകയല്ലേ.

LIBRARY ARCHIVES Kerala Legislative Assembly.

ഡോ. എ. നീലലോഹിതദാസൻ നാടാർ: അങ്ങ് പറഞ്ഞല്ലോ പോളിംഗ് തുടങ്ങിക്കഴിഞ്ഞാൽ പിന്നെ സംസാരിക്കാൻ പാടില്ല എന്ന്. സംസാരിക്കേണ്ടി വന്നത് ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ പ്രസ്സ് ചെയ്യുന്നു എന്നു പറഞ്ഞു. പോളിംഗിലേക്കു പോയി. അപ്പോൾ എന്തിനുവേണ്ടിയാണ് പോൾ എന്നുള്ളതിനെ സംബന്ധിച്ച് ചെയറിൽ അപ്പോഴിരുന്ന ബഹുമാനപ്പെട്ട പി. ജെ. ജോയിയും ഇവിടത്തെ അംഗങ്ങളും തമ്മിൽ ഒരു തർക്കമുണ്ടായി. ആ തർക്കത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സംസാരമൊക്കെ വന്നത്. പോൾ വന്നത് യഥാർത്ഥത്തിൽ ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ തന്റെ പ്രമേയം പ്രസ്സ് ചെയ്യുന്നു എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഇവിടെ പറഞ്ഞല്ലോ വോട്ടിനിട്ടതിനുശേഷം സംസാരിക്കാൻ പാടില്ലെന്ന്. സംസാരിക്കാൻ ഉണ്ടായ വിഷയം ചെയർ ഉണ്ടാക്കിയതാണ്. യഥാർത്ഥത്തിൽ പ്രമേയം പ്രസ്സ് ചെയ്യുന്നു എന്നു പറയുന്ന കാര്യം, വോട്ടിനിടേണ്ടതിനു പകരം അദ്ദേഹം പുതിയ ഒരു സബ്ജക്ടിലേക്ക്, ഇതിനെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും, പിൻവലിക്കാൻ എന്നു പറഞ്ഞതാണ് വിഷയമായി വന്നിരിക്കുന്നത്. അതിനു മേലേയാണ് സംസാരിക്കേണ്ടി വന്നിരിക്കുന്നത്.

ശ്രീ. പി. ജെ. ജോയി: ..... (ബഹളം)..... ഇതിനകത്ത് വളരെ ക്ലിയറായി ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ പ്രസ്സ് ചെയ്യുന്നു എന്നു പറഞ്ഞു. ശരിയാണ്. ഉടനെത്തന്നെ ചർച്ച തുടരണമെന്ന് അദ്ദേഹം തിരുത്തിപ്പറഞ്ഞു. അതുകൊണ്ടാണ് അതിന്മേൽ പോൾ ചോദിച്ചത്. അങ്ങനെയാണ് പോൾ അനുവദിച്ചത്. പോൾ ആവശ്യപ്പെട്ടപ്പോൾ ബെല്ലടിക്കാൻ പറഞ്ഞു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഞാൻ ഈ സഭയിൽ 18-ാമത്തെ അനൗദ്യോഗിക ബില്ലാണ് ഇപ്പോൾ അവതരിപ്പിക്കുന്നത്. ഈ 18 എണ്ണത്തിൽ രണ്ടെണ്ണം മാത്രമേ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിട്ടുള്ളൂ. ഒന്ന്, ആട്ടോമൊബൈൽ തൊഴിലാളികളുടെ ക്ഷേമനിധിക്കുവേണ്ടിയുള്ള ബിൽ അങ്ങയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ അന്നു പിൻവലിച്ചു. രണ്ട്, 2005-ലെ കേരള വെടിമരുന്ന് തൊഴിലാളി ക്ഷേമനിധി ബിൽ. ഇപ്പോൾ തന്നെ സഭയിൽ പിൻവലിച്ചു. ഈ ബില്ലിൽ ചർച്ച തുടരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ അതു തുടരാമെന്നു പറഞ്ഞത്. സാധാരണ കീഴ്വഴക്കത്തിൽ അങ്ങനെ നടന്നുകൊണ്ടിരിക്കുകയുമായിരുന്നു. ആ തീരുമാനമാണ് അങ്ങിവിടെ വോട്ടിനിട്ടിരിക്കുന്നത്. ചർച്ച തുടരണമോ വേണ്ടയോ എന്നുള്ളതിനാണ് വോട്ടിടേണ്ടത്. ചർച്ച തുടരാൻ കഴിഞ്ഞില്ലെങ്കിൽ, ചർച്ച തുടരാൻ കഴിയില്ല എന്നാണ് ചെയറിന്റെ തീരുമാനമെങ്കിൽ, ഇതു പിൻവലിക്കുന്നതിനും വോട്ട് ആകാം. രണ്ടു രീതിയിലും ചെയറിനു തീരുമാനിക്കാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: പിൻവലിക്കുന്നതിനല്ല വോട്ടിനിട്ടത്. ശ്രീ. ടി. എം. ജേക്കബ് ചട്ടമനുസരിച്ചാണ് പോൾ ആവശ്യപ്പെട്ടത്. പോൾ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ബെല്ലടിച്ചു. അംഗങ്ങൾ പലരും ഓടി വന്നു. വോട്ടിംഗിന്റെ നടപടി നടക്കുകയാണ്. ആ സമയത്ത് ഞാൻ അങ്ങനെയല്ല ഇങ്ങനെയാണ് പറഞ്ഞതെന്നു പറയുന്നത് ചട്ട വിരുദ്ധമാണ്. അതുകൊണ്ട് പ്രമേയം വോട്ടിനിടുക. .....(ബഹളം).....

ശ്രീ. ബാബു ദിവാകരൻ: അങ്ങയുടെ തീരുമാനം എന്തായിരുന്നാലും വോട്ടിനിടുകയാണെങ്കിൽ വോട്ടിനിടുക. വോട്ടിനിടുന്നില്ലെങ്കിൽ വോട്ടിനിടണ്ട.

ശ്രീ. ടി. എം. ജേക്കബ്: റൂൾ 78 അനുസരിച്ചുള്ള ചർച്ചയാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ബില്ലുകളെ സംബന്ധിച്ചുള്ള പ്രമേയത്തിന്റെ രീതി എന്താണെന്ന് വളരെ സ്പെസിഫിക്കായി പറയുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച പ്രമേയം ഈ സഭ അഡോപ്റ്റ് ചെയ്യണമോ റിജക്ടു ചെയ്യണമോ. അതാണ് വിഷയം. അവതരിപ്പിച്ച പ്രമേയം പ്രസ്സ് ചെയ്യുന്നു എന്നു മെമ്പർ പറഞ്ഞാൽ, ഈ സഭയുടെ പ്രോപ്പർട്ടി എന്നുള്ള നിലയിൽ ഏതു മെമ്പർക്കും പോൾ ഡിമാൻഡു ചെയ്യാം. ഞാൻ അതിന്റെ അടിസ്ഥാനത്തിൽ പോൾ ഡിമാന്റു ചെയ്തു. പിന്നെ ഡിവിഷൻ എവിടെയാണ്?. രണ്ടാമത് സബ്സീക്വന്റായി അദ്ദേഹം ചർച്ച തുടരണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നു പറഞ്ഞാൽ അതിനു പ്രസക്തിയില്ല. അതാണ് റൂൾ 78 പറയുന്നത്. ഇതിനു ചട്ടമില്ല.

മി. സ്പീക്കർ: പന്ത്രണ്ടര മണിവരെ ഇങ്ങനെ ചർച്ച ചെയ്തിട്ട് കാര്യമുണ്ടോ?

ശ്രീ. പി. ജെ. ജോയി: ഇത് വെറുതെ കൺഫ്യൂഷൻ ഉണ്ടാക്കുകയാണ്. വളരെ ക്ളിയറായി പ്രസ്സ് ചെയ്യുന്നുവെന്ന് ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ പറഞ്ഞു. പ്രസ്സ് ചെയ്യുകയാണോയെന്ന് ചോദിച്ചപ്പോൾ അപ്പോൾതന്നെ തിരുത്തി ചർച്ച തുടരാമെന്ന് പറഞ്ഞു. അത് പറഞ്ഞപ്പോഴാണ് പോൾ ചോദിച്ചത്. ശ്രീ. ജി. പ്രതാപവർമ്മ തമ്പാന്റെ അഭിപ്രായമാണ് അനുകൂലിക്കുന്നവർ പ്രതികൂലിക്കുന്നവർ എന്ന് ഞാൻ പറഞ്ഞത്. അതിനാണ് വോട്ട്.

മി. സ്പീക്കർ: ഒരു കാര്യമുണ്ട്. എല്ലാപേരുംകൂടി ഇങ്ങനെ എഴുന്നേറ്റ് നിന്നിട്ട് എന്താണ് കാര്യം. എല്ലാപേരുംകൂടി എഴുന്നേറ്റ് നിന്ന് ബഹളമുണ്ടാക്കിയിട്ട് കാര്യമുണ്ടോ? .....(ബഹളം).....

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഇവർ വെറുതെ സമയം കളയിക്കുകയാണ് സർ. അത് രേഖ പരിശോധിക്കണം.....(ബഹളം)..... രേഖ പരിശോധിച്ചാൽ ഞാൻ ഇത് പ്രസ്സ് ചെയ്യുന്നുയെന്നും ചർച്ച തുടരാമെന്നും ഒരേ ശ്വാസത്തിൽ പറഞ്ഞിട്ടുള്ളതായിട്ട് അവിടെ കാണാം. ഇവിടെ ആഡിയോ റിക്കാർഡിംഗ് ഉണ്ടല്ലോ. അങ്ങേക്ക് ആഡിയോ റിക്കാർഡിംഗ് പരിശോധിക്കാം.

ശ്രീ. ടി. എം. ജേക്കബ്: മന്ത്രി മറുപടി പറഞ്ഞു കഴിഞ്ഞപ്പോൾ അതിന്റെ ചർച്ച അവിടെ അവസാനിച്ചു. Next question എന്താണ്. ആ പ്രമേയം നിലനിൽക്കണമോ ഡിസ്പോസ് ചെയ്യണമോയെന്നുള്ളതാണ്. അത് ഡിസ്പോസ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന നടപടിക്രമത്തിലേക്കാണ് ചെയറിൽ ഉണ്ടായിരുന്ന ശ്രീ. പി. ജെ. ജോയി കടന്നത്. അത് ഡിസ്പോസ് ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി അദ്ദേഹം അപൂർണ്ണമാക്കിയല്ല നിർത്തിയത്. അദ്ദേഹം വളരെ ഭംഗിയായി വിശദീകരിച്ചു. ആ വിശദീകരണത്തിനുശേഷം ബഹുമാനപ്പെട്ട മെമ്പർ ഇത് പിൻവലിക്കണമെന്ന് പറഞ്ഞു. അദ്ദേഹം പിൻവലിക്കുന്നില്ല എന്നുപറഞ്ഞു. പിന്നെ next question എന്താണ്. ആ പ്രമേയം ഡിസ്പോസ് ചെയ്യുക. അതാണ് സഭയ്ക്ക് ആവശ്യമുള്ളത്. ഡിസ്പോസ് ചെയ്യാൻ റൂൾ 78-ൽ പറയുന്നതുപോലെ ഡിസ്പോസ് ചെയ്യണം.

ശ്രീ. ഉമേഷ് ചള്ളിയിൽ: ചർച്ച തുടരാം എന്ന് അദ്ദേഹം പറഞ്ഞു.

മി. സ്പീക്കർ: Please take your seat. ഇതിൽ ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതുമാതിരി ഡിസ്പോസ് ചെയ്യണമെന്നുള്ളത് ശരിയാണ്. എങ്ങനെ ഡിസ്പോസ് ചെയ്യണമെന്നുള്ളതാണ് പ്രശ്നം. രണ്ട് തരത്തിൽ ഡിസ്പോസ് ചെയ്യാം. സഭയുടെ അനുമതിയോടുകൂടി വേണമെങ്കിൽ പിൻവലിക്കാം. അതല്ലെങ്കിൽ ഇത് ആവശ്യപ്പെട്ടോ ഇല്ലയോ എന്നുള്ളതാണ് ഇപ്പോഴത്തെ തർക്കം.....(ബഹളം).....അദ്ദേഹം ഒരു കാര്യം പറഞ്ഞു അതെന്താണെന്നതിനെ കുറിച്ചാണ് തർക്കം. ഞാൻ മനസ്സിലാക്കിയിടത്തോളം അദ്ദേഹം ഇപ്പോൾ വിശദീകരിച്ചത് ഞാൻ തുടരാൻ ഉദ്ദേശിക്കുന്നില്ല ചർച്ച വേണമെന്ന് ആദ്യം പറഞ്ഞു. പിന്നെ തുടരാൻ ഉദ്ദേശിക്കുന്നില്ലെന്ന് പറഞ്ഞുയെന്നാണ് പറയുന്നത്. ഇതിലെ crux എന്താണെന്നു വച്ചാൽ ഒരുപക്ഷെ അത് മിസ്റ്റർ ജോയി വിശദീകരിച്ചു പോളിംഗ് നടന്നത് പിൻവലിക്കാൻ അനുകൂലിക്കുന്നവരാണോ എതിർക്കുന്നവരാണോയെന്ന് അദ്ദേഹം explain ചെയ്തു. പ്രധാന പ്രശ്നം മിസ്റ്റർ ജി. പ്രതാപവർമ്മ തമ്പാൻ ഇത് പിൻവലിക്കാൻ തയ്യാറാണെന്ന് പറഞ്ഞോ ഇല്ലയോ എന്നുള്ളതാണ് ചോദ്യം. അപ്പോൾ പറഞ്ഞോ ഇല്ലയോയെന്ന് എനിക്ക് ഇപ്പോൾ പറയാൻ കഴിയില്ല. അദ്ദേഹം ഇപ്പോൾ വ്യക്തമാക്കിയത് അദ്ദേഹം പിൻവലിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നാണ്. അപ്പോൾ നമ്മൾ എല്ലാം നിയമസഭയിൽ അംഗങ്ങളാണല്ലോ. ചില മെമ്പർമാർക്ക് പറയേണ്ട രീതിയിൽ അവ്യക്തമായി ചില കാര്യങ്ങൾ പറഞ്ഞു എന്നതുകൊണ്ടോ .....(ബഹളം).....ഞാൻ ചോദിക്കട്ടെ., ഞാൻ പറഞ്ഞോട്ടെ, പറഞ്ഞത് വ്യക്തമായില്ലെന്നതുകൊണ്ടോ എന്തെങ്കിലും പ്രശ്നങ്ങൾ വന്നാൽ അത് ultimate ആയിട്ട് പറയേണ്ട ആൾ അതിന്റെ കർത്താവായിട്ടുള്ള ആളാണ്. നിങ്ങൾക്ക് ഏത് വേണമെങ്കിലും സ്വീകരിച്ച് നമുക്ക് കാര്യങ്ങൾ തീർക്കാം. അതല്ല വളരെ hairsplitting ആയിട്ടുള്ള പൊസിഷനാണെങ്കിൽ ഞാൻ പരിശോധിക്കാം. എന്താണ് വഴിയെന്നുള്ളത് നോക്കാം. പക്ഷെ എന്റെ അഭിപ്രായം നടപടിക്രമം.....

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇത് ഡിസ്പോസ് ചെയ്യണ്ടേ. ഇതൊരു തർക്ക പ്രശ്നം വന്നതുകൊണ്ട് നമ്മുടെ ബിൽ അടക്കം പോയിരിക്കുകയാണ്. നമ്മളൊക്കെ അവതരിപ്പിക്കേണ്ട ആൾക്കാരല്ലേ. അങ്ങനെ മാറ്റി വയ്ക്കാൻ പറ്റുമോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മിസ്റ്റർ കെ. പി. രാജേന്ദ്രൻ തർക്ക പ്രശ്നം അവസാനിപ്പിക്കുവാൻ ഞാൻ ഒരു നിർദ്ദേശം പറഞ്ഞു. ഇവിടെ എന്താണ് സംഭവിച്ചതെന്ന് മുഴുവൻ അറിയാതെ എനിക്ക് എന്തെങ്കിലും പറയാൻ പറ്റുമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: നിയമസഭാ സ്റ്റാഫല്ലേ പറഞ്ഞുതരേണ്ടത്. അവർ അവിടെ വെറുതെ ഇരിക്കുകയല്ലേ. എന്താണുണ്ടായതെന്ന് നിങ്ങൾ എഴുതിക്കൊടുക്കൂ.

മി. സ്പീക്കർ : അവരോടൊന്നും പറയണ്ട. അത്രയ്ക്ക് വേണ്ട. അവരെ ഭരിക്കണ്ട.

ശ്രീ. ടി. എം. ജേക്കബ്: കേരളത്തിലെ സഹകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന ഒരു ബില്ലാണ് ഇത്. വേണമെങ്കിൽ അങ്ങേക്കുള്ള പരിശോധനയ്ക്കുവേണ്ടി ഈ ബില്ലിന്റെ വോട്ടെടുപ്പോ മറ്റ് കാര്യങ്ങളോ മാറ്റിവയ്ക്കാം. ഞങ്ങൾ അംഗീകരിക്കാം. പക്ഷെ ഇവിടെ ചെയ്തത് ശ്രീ. ബാബു ദിവാകരന്റെ മറുപടിയെത്തുടർന്ന് അത് ഡിസ്പോസ് ചെയ്യാനുള്ള നടപടികളിലേക്ക് കടന്നു. ചെയറിലിരുന്ന ശ്രീ. പി. ജെ. ജോയി ഇറിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയം ഡിസ്പോസ് ചെയ്യേണ്ട. ഒരു പ്രമേയം ഡിസ്പോസ് ചെയ്യണമല്ലോ, അതല്ലാതെ നമുക്ക് അടുത്തതിലേക്ക് പോകാൻ സാദ്ധ്യമല്ലല്ലോ. ആ പ്രമേയം ഡിസ്പോസ് ചെയ്യുന്ന സന്ദർഭം വന്നപ്പോഴാണ് ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ ഞാൻ അത് പ്രസ്സ് ചെയ്യുന്നുയെന്ന് പറഞ്ഞത്. അത് എല്ലാപേരും കേട്ടതാണ്. പ്രമേയം അങ്ങ് ഡിസ്പോസ് ചെയ്യുക. എന്നിട്ട് അടുത്തതിലേക്ക് കടക്കുക.

ശ്രീ. എ. സുജനപാൽ: ഇതിലൊരു തർക്കം വന്ന സ്ഥിതിക്ക് ബഹുമാനപ്പെട്ട സ്പീക്കർ അതിന്റെ രേഖകൾ പരിശോധിച്ചിട്ട് പിന്നീട് ഒരു റൂളിംഗ് നൽകുകയും മറ്റ് ബില്ലുകളിലേക്ക് കടക്കുകയും ചെയ്യണം. ഇനി അഞ്ച് മിനിറ്റ് കൂടിയേയുള്ളൂ. തൽക്കാലം രേഖ പരിശോധിച്ചതിനുശേഷം അങ്ങ് തീരുമാനിച്ചാൽ മതി. മറ്റ് ബില്ലുകളുടെ കാര്യം സംബന്ധിച്ച് ചർച്ചകൾ തുടരാം.

ശ്രീ. ടി. എം. ജേക്കബ്: ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിലെ സ്റ്റാഫ് ഇതുമുഴുവൻ കേട്ടുകൊണ്ടിരിക്കുകയാണ്. അങ്ങ് അവരോടുകൂടെ എന്താണ് നടന്നതെന്ന് ചോദിക്കണം.

മി. സ്പീക്കർ: ഒരു കാര്യം പറയാം. ഇങ്ങനെ വളരെ hairsplitting ആയിട്ട് തർക്കം വന്ന സാഹചര്യത്തിൽ അത് വിശദമായി നോക്കാതെ ഒരു തീരുമാനമെടുക്കാൻ എനിക്ക് ഇഷ്ടമില്ല. അതുകൊണ്ട് നിങ്ങൾ പോയിന്റിലേക്ക് പോകണ്ടെന്ന് പറയുകയാണെങ്കിൽ സഭ നിർത്തി വയ്ക്കാം. നമുക്ക് അടുത്ത പ്രാവശ്യം നോക്കാം. വേറെയെന്താണ് വഴി. വേറെ എന്ത് ചെയ്യാൻ പറ്റും. ഒരു തർക്കം വന്ന സാഹചര്യത്തിൽ നോക്കാതെ തീരുമാനമെടുക്കാൻ പറ്റില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സ്പീക്കറെ ഞങ്ങൾ സഹായിക്കുകയാണ്. സ്പീക്കറെ നമ്മൾ എതിർക്കുകയല്ല. നടപടിക്രമം ചോദിച്ചതാണ്. സ്പീക്കർ പറയുന്നത് അംഗീകരിക്കാം.

മി. സ്പീക്കർ: ഞാൻ ഒരു കാര്യം പറയട്ടെ. പാനൽ ഓഫ് ചെയർമാൻ ഇവിടെയിരുന്ന് അദ്ദേഹം ഈ നടപടിക്രമങ്ങൾ നിയന്ത്രിച്ച് അദ്ദേഹം ഒരു സ്റ്റാന്റ് എടുത്തു. ഞാൻ വന്നു, അദ്ദേഹം പോയി. അതിനെപ്പറ്റി രണ്ട് വിവാദമായിട്ടുള്ള അഭിപ്രായങ്ങൾ വന്നു. സ്വാഭാവികമായും രണ്ടിനും ഞാൻ ഒരു തീരുമാനം പറയുന്നില്ല. കാരണം ഞാൻ ഇത് കേട്ട ആളല്ല. വളരെ സ്ട്രിക്റ്റായിട്ടുള്ള ഒരു വാദം വന്ന സാഹചര്യത്തിൽ എനിക്ക് ഇത് മുഴുവൻ നോക്കാതെ ഞാൻ ഒരു തീരുമാനം പറയുന്നത് ശരിയാണോ?

ഡോ. തോമസ് ഐസക് : അങ്ങ് ഇവിടെ വന്നതിനുശേഷവും ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ പറഞ്ഞത് ചർച്ച തുടരണമെന്നാണ്. അദ്ദേഹം എത്രയോ വട്ടം പറഞ്ഞു. തമ്പാന് പോലും തർക്കമില്ല. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ പറയുന്നത് ചർച്ച തുടരണമെന്നാണ് ഞാൻ പറഞ്ഞത് എന്നാണ്. പിന്നെ എന്താണ് ഇവിടെ പ്രശ്നം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ചർച്ച തുടരണമെന്ന് ഞാൻ പറഞ്ഞു എന്നുള്ളത് വാസ്തവമാണ്. ചർച്ച തുടരണമെന്ന് പറഞ്ഞതിൽ നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ അതിന് പോളിംഗ് നടത്താം എന്നാണ്.

ശ്രീ. ടി. എം. ജേക്കബ്: സർ, അങ്ങനെയല്ല. ബഹുമാനപ്പെട്ട പ്രതാപവർമ്മ തമ്പാൻ അദ്ദേഹത്തിന് പറയാനുള്ള വാദമുഖങ്ങൾ മുഴുവൻ ഈ സഭയിൽ നിരത്തി. അതിനുശേഷം അദ്ദേഹം ഇരുന്നു. അതുകഴിഞ്ഞാണ് മന്ത്രിയുടെ മറുപടി. സർ, അങ്ങേക്ക് അറിയാമല്ലോ, നമുക്കെല്ലാപേർക്കും അറിയാൻ പാടില്ലല്ലോ. ഒരു മെമ്പർ പറയാനുള്ളത് അവതാരകൻ പറഞ്ഞു കഴിഞ്ഞതിനുശേഷമാണ് ഗവൺമെന്റിന് എന്താണ് ഈ കാര്യത്തെക്കുറിച്ച് പറയാനുള്ളത് എന്നുള്ളത് വരുന്നത്. ആ ഗവൺമെന്റ് views ശ്രീ. ബാബു ദിവാകരൻ പറഞ്ഞു. ഈ ബില്ലിന് contradiction തന്നെ ഉണ്ട്. ഒന്ന് നിങ്ങൾ നിയന്ത്രിക്കണമെന്ന് പറയുന്നു, നിങ്ങൾ ക്ഷേമനിധി കൊണ്ടുവരണമെന്ന് പറയുന്നു. ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റിനകത്ത് എല്ലാവിധ ആളുകളും ക്ഷേമനിധിയിൽ വരുന്നുണ്ട്. അതിന് പ്രത്യേക പ്രൊവിഷൻ ഉണ്ട്. മറ്റേത് ശരിയല്ല. വളരെ വിശദമായി ശ്രീ. ബാബു ദിവാകരൻ മറുപടി പറഞ്ഞു. സാധാരണ പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിൽ ഇത്രയും പറയാറില്ല. അതുകഴിഞ്ഞ് അദ്ദേഹം ഇരുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഈ ബിൽ പിൻവലിക്കണമെന്നും അദ്ദേഹം പറഞ്ഞു.

Mr. Speaker: Mr. Thampan, please take your seat.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: അതിനുശേഷമാണ് പ്രശ്നമുണ്ടായത്. ഞാൻ പറഞ്ഞ കാര്യം തെറ്റാണോയെന്ന് ശ്രീ. ബാബു ദിവാകരൻ പറയട്ടെ.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):* ഇവിടെ ആ സമയത്ത് ചെയറിലുണ്ടായിരുന്ന ശ്രീ. പി. ജെ. ജോയി ഇതിനെ സംബന്ധിച്ച് റൂളിംഗ് നൽകിക്കൊണ്ടാണ് പോൾ നടത്താൻ ആവശ്യപ്പെട്ടത്. ഈ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കാമോ, അനുകൂലിക്കുന്നവർ, പ്രതികൂലിക്കുന്നവർ, അങ്ങനെതന്നെ പറഞ്ഞു..... അല്ലെങ്കിൽ

പറയട്ടെ..... (ബഹളം).....(ബഹളം)..... ശ്രീ.പി. ജെ. ജോയി പറഞ്ഞു. രണ്ട് മൂന്ന് തർക്കങ്ങൾ വന്നപ്പോൾ പറഞ്ഞു.

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. പി. ജെ. ജോയി അങ്ങനെ പറഞ്ഞിട്ടില്ല .....(ബഹളം).....

ശ്രീ. ബാബു ദിവാകരൻ: ഇതിനകത്ത് സഭയെ സംബന്ധിച്ചിടത്തോളം അങ്ങയുടെ തീരുമാനത്തിന് വിടുകയാണ്.

മി. സ്പീക്കർ: എന്നെ സംബന്ധിച്ചിടത്തോളം വളരെ ക്ലിയറാണ്. ഇങ്ങനെയൊരു തർക്കം വന്ന സാഹചര്യത്തിൽ അത് പരിശോധിക്കാതെ ഞാൻ ഒരു സ്റ്റാന്റ് പറയുന്നത് ശരിയല്ല. എനിക്ക് അത് ശരിയായി തോന്നുന്നില്ല. അതിന്റെ പ്രായോഗികതയിൽ സഹകരിക്കുകയല്ലാതെ വേറെ എന്താണ് മാർഗ്ഗം?

ശ്രീ. കെ. പി. രാജേന്ദ്രൻ: രേഖ പരിശോധിച്ചിട്ട് അങ്ങ് എടുക്കുന്ന തീരുമാനം ഞങ്ങൾ അംഗീകരിക്കാം. അതിൽ ഒറ്റ പോയിന്റേയുള്ളു ഇപ്പോൾ ഈ സഭയിൽ ഹാജരായി ഇവിടെ ഇത്രയാളുകൾ ഇരിക്കുകയല്ലേ. പോളിംഗിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചു. ബെൽ അടിച്ചു. അംഗങ്ങളിൽ ചിലർ ഓടിവന്നിരുന്നു. മന്ത്രിമാർ ഉൾപ്പെടെ. അങ്ങനെ വോട്ടിംഗിന്റെ സ്റ്റേജിൽ നിൽക്കുമ്പോഴാണ്.....(ബഹളം).....ഞങ്ങൾ വോട്ട് ചെയ്തു. ഇനി റൂളിംഗ് നടത്തുമ്പോൾ എങ്ങനെയായിരിക്കും നടപടിയെന്നുകൂടി അങ്ങയുടെ ശ്രദ്ധയിലുണ്ടാകണം.

മി. സ്പീക്കർ: ഇങ്ങനെയൊരു സിറ്റുവേഷൻ വന്നാൽ.....

ശ്രീ. ടി. എം. ജേക്കബ് : അതിനൊരു തീരുമാനമുണ്ടാകട്ടെ. അങ്ങ് പരിശോധിച്ചതിനുശേഷം തീരുമാനമെടുത്തിട്ട് നമുക്ക് അടുത്ത ബില്ലിലേക്ക് കടക്കാം.

മി. സ്പീക്കർ : ഇപ്പോൾ മണി പന്ത്രണ്ടരയായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: അല്ലെങ്കിൽ ഇന്ന് പിരിയാം. രേഖ പരിശോധിച്ചിട്ട് പറഞ്ഞാൽ മതി.....(ബഹളം).....

മി. സ്പീക്കർ : ആദ്യമായി ഒരു കാര്യം എനിക്ക് പറയുവാനുള്ളത് സാധാരണ ചർച്ചകളുടെ മാതിരി ഇതിനെ നിസ്സാരമായി കാണരുത്. ലെജിസ്ലേഷന്റെ കാര്യങ്ങൾ, നിയമങ്ങൾ മെമ്പർമാർ പഠിക്കണം. എങ്ങനെ അവതരിപ്പിക്കണം, എങ്ങനെ പറയണം അങ്ങനെ വ്യക്തമായി പറഞ്ഞാൽ കൺഫ്യൂഷൻ വരില്ല. ഇവിടെ ദൗർഭാഗ്യകരമായി രണ്ട് അഭിപ്രായങ്ങൾ വന്നിരിക്കുന്നു. എനിക്കത് പരിശോധിക്കാതെ off hand ആയിട്ട് പറയുന്നത് ശരിയല്ല. അതുകൊണ്ട് എന്ത് ബാക്ക്ഗ്രൗണ്ടാണ് എന്ന് പരിശോധിച്ചിട്ട് ഞാൻ ഒരു തീരുമാനം പറയാം.* ഏതായാലും മണി 12.30 ആയതുകൊണ്ട് വേറെ എടുക്കാനും പറ്റില്ല. അതുകൊണ്ട് സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലൈ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 12.30-ന് പിരിഞ്ഞു.)

*ബില്ലിന് അവതരണാനുമതി നല്കികൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ 22-7-2005-ന് റൂളിംഗ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly